പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2614 05/11/2019 ൽ മറുപടിക്ക്

**ശക്തികുളങ്ങര ദേവീക്ഷേത്രത്തിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി ഗ്രൂപ്പിൽ ഉൾപ്പെട്ടുവരുന്ന ആദിനാട് ശക്തികുളങ്ങര ദേവീ ക്ഷേത്രത്തിലെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2016 ജൂൺ മാസത്തിനു ശേഷം ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | ആദിനാട് ശക്തികുളങ്ങര ദേവസ്വത്തിൽ ദുർഗ്ഗാദേവി, ഗണപതി എന്നിവരുടെ ശ്രീകോവിലുകളുടെ പുനർ നിർമ്മാണത്തിനായി 52,82,000/- രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുള്ളതായും, ബാത്ത് റൂം, ടോയ് ലെറ്റ് നിർമ്മാണത്തിനായി 1,84,000/- രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുള്ളതായും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ക്ഷേത്രത്തിൽ ആനയെ കെട്ടുന്ന പറമ്പിന്റെ ചുറ്റുമതിൽ തകർന്നത് പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | പുനർ നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത ക്ഷേത്ര ശ്രീകോവിൽ പുതുക്കി പണിയുന്നതിന് മാസ്റ്റർപ്ലാൻ സമർപ്പിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (സി) | ഇതു സംബന്ധിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല. |
| (ഡി) | അവിടുത്തെ ആനകളെ ശുചിത്വപൂർണ്ണമായ ചുറ്റുപാടുകളിൽ നിർത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | ആനകളെ തളയ്ക്കുന്ന ആനത്തറി പുനർനിർമ്മിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ